# പതിനാലാം കേരള നിയമസഭ

## രണ്ടാംസമ്മേളനം

## നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - 282

## 27.09.2016 ലെ മറുപടിയ്ക്ക്

## ട്രഷറി വഴി പെൻഷൻ

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ.അടൂർ പ്രകാശ്<br>ശ്രീ. ഷാഫി പറമ്പിൽ<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ശ്രീ. സണ്ണി ജോസഫ് | ബഹുമാനപ്പെട്ട ധനകാര്യവും കയറും വകുപ്പ് മന്ത്രി<br>ഡോ. റ്റി.എം. തോമസ് ഐസക് |
| (എ) | സർക്കാർ ജീവനക്കാരുടെ പെൻഷൻ പൂർണ്ണമായും ട്രഷറി വഴി ആക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | ധനകാര്യവകുപ്പിൽ നടപ്പിലാക്കിവരുന്ന ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റത്തിന്റെ ഭാഗമായി ട്രഷറി അക്കൗണ്ടുകൾ കോർബാങ്കിങ് സംവിധാനത്തിലേക്ക് മാറ്റി വരികയാണ്. ഇത് പൂർത്തിയാകുന്ന മുറക്ക് പെൻഷൻ വിതരണം പൂർണമായും ട്രഷറി അക്കൗണ്ടുകൾ വഴി നൽകണമെന്നതാണ് സർക്കാരിന്റെ നയം. പെൻഷൻകാരുടെ തീരുമാനം അനുസരിച്ച് അവരവരുടെ ട്രഷറി അക്കൗണ്ടിൽ നിന്നും ബാങ്ക് അക്കൗണ്ടിലേയ്ക്ക് ആവശ്യാനുസരണം പണം ഓൺലൈനായി കൈമാറാവുന്നതാണ്. ഇതിനായുള്ള മുൻകൂർ നിർദ്ദേശങ്ങൾ ഓൺലൈനായി നൽകാനുള്ള സംവിധാനവും പെൻഷൻകാർക്ക് ലഭ്യമാക്കുന്നതാണ് . ഇതിനു മുന്നോടിയായാണ് 1.4.2016 മുതൽ, നിലവിൽ ബാങ്കുവഴി വിതരണം ചെയ്യുന്ന പെൻഷനും ട്രഷറിയിൽനിന്ന് നൽകുന്ന അധികാരപ്പെടുത്തലിന്റെ അടിസ്ഥാനത്തിൽ നൽകിവരുന്നത്. ഈ തീരുമാനം കൊണ്ട് ബാങ്കുവഴി പെൻഷൻ ലഭിക്കുന്നവർക്ക് തുടർന്നും അപ്രകാരം തന്നെ ലഭിക്കുന്നതിനുള്ള സൗകര്യം നിലനിൽക്കുന്നതാണ് . സംസ്ഥാനത്തിന് പുറത്തുനിന്ന് പെൻഷൻ വാങ്ങുന്നവർക്ക് നിലവിലുള്ള സംവിധാനത്തിൽ മാറ്റം വരുത്തിയിട്ടില്ല. |
| (ബി) | ട്രഷറി വഴി പെൻഷൻ നൽകുന്നതു മൂലം സംസ്ഥാനത്തിന് പുറത്ത് താമസിക്കുന്ന പെൻഷൻകാർ അഭിമുഖീകരിക്കാവുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതു സംബന്ധിച്ച എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | |
| (സി) | എങ്കിൽ ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചു വെന്ന് വെളിപ്പെടുത്തുമോ? | |

സെക്ഷൻ ഓഫീസർ